75 (1116) ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ്

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ് ആരംഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ കെ.എസ്.ആർ.ടി.സി ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ് നടത്തുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ജില്ലാടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാറിൽ നിന്ന് തേക്കടിയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്.

(ഇ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ജില്ലാ സംസ്ഥാനങ്ങളിൽ നിന്ന് ബസ് സർവ്വീസ് ഇപ്പോൾ തന്നെയുണ്ട്. ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലവും സ്ഥിരമായും ലാഭകരമായും ഓപ്പറേറ്റ് ചെയ്യാൻ സാധ്യതയില്ലാത്തതിനാൽ ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തി സർവ്വീസ് ആരംഭിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

76 (1117) എം.എൽ.എ. ബസ്

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ എം.എൽ.എ യും നിർദ്ദേശിക്കുന്ന രണ്ടു റൂട്ടുകളിൽ പുതുതായി ബസ് സർവ്വീസ് നടത്തുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഇതിൻപ്രകാരം കൊടുങ്ങല്ലൂരിൽനിന്ന് പുതുതായി ആരംഭിച്ച ബസ് സർവ്വീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly